

# കടപ്പുറം (കൈപമംഗലം) സെന്റ് സെബാസ്റ്റ്യൻസ് ഇടവക

കടപ്പുറം സെന്റ് സെബാസ്റ്റ്യൻസ് ദേവാലയം ഇരിങ്ങാലക്കുടയിൽ നിന്ന് 12 കി.മി. പടിഞ്ഞാറ് അറബിക്കടലിന്റെ തീരത്ത്-രൂപതയുടെ ഏറ്റവും പടിഞ്ഞാറേ അതിർത്തിയിലുള്ള ഇടവക ദേവാലയമായി സ്ഥിതിചെയ്യുന്നു.

തലക്കോട്ടുകരയിലെ ഒരു കൂട്ടം ക്രൈസ്തവ വിശ്വാസികൾ കയ്പമംഗലത്തേയ്ക്ക് മാറിത്താമസിക്കുകയുണ്ടായി. ആദ്ധ്യാത്മിക കാര്യങ്ങൾക്കായി അവിടത്തെ പൂർവ്വികർ കൽപ്പറമ്പ് ഇടവക പള്ളിയിലേക്കാണ് പോയിരുന്നത്. വർഷങ്ങൾക്ക് ശേഷം മതിലകം പള്ളി വന്നപ്പോൾ പൂർവ്വികർ മതിലകത്തേക്ക് ഇടവകമാറി. പിന്നീട് കയ്പമംഗലം സെന്റ് ജോസഫ് പള്ളി നിലവിൽ വന്നപ്പോൾ അങ്ങോട്ട് ഇടവക മാറുകയാണ് ഉണ്ടായത്. വികസനം തീരെ എത്തിനോക്കിയിട്ടില്ലാത്ത ഈ കടലോരപ്രദേശത്ത് അന്ന് 18 കുടുംബങ്ങളാണ് ഉണ്ടായിരുന്നത്.

### പ്രാരംഭം

ഏകദേശം 70 കൊല്ലങ്ങൾക്ക് മുമ്പ് ദേശമൊട്ടാകെ വസൂരി രോഗം പടർന്നു പിടിച്ച് ജനങ്ങൾ ഒന്നൊന്നായി മരിച്ചുകൊണ്ടിരുന്ന കാലഘട്ടം. എടത്തിരുത്തിയിലെ ചിറ്റിലപ്പിള്ളി മത്തായി പൗലോസ് എന്നയാൾ സ്വപ്നത്തിൽ കണ്ടപ്രകാരം വി.സെബാസ്ത്യാനോസിന്റെ രൂപം പള്ളിയിലേക്ക് നൽകുകയുണ്ടായി. ഇടവക പള്ളിയിൽ നിന്ന് പുണ്യവാന്റെ രൂപം ആദ്യമായി കടപ്പുറം ഭാഗത്തേക്ക് എഴുന്നള്ളിച്ച ശേഷം ഇപ്പോഴുള്ള പള്ളിയുടെ മുൻവശത്ത് ഒരു പന്തൽകെട്ടി അതിൽ രൂപം പ്രതിഷ്ഠിച്ച് വിശുദ്ധമായി ആചരിച്ചു. അത്ഭുതമെന്നു പറയട്ടെ, ഇവിടത്തേയും രൂപം എഴുന്നള്ളിച്ച് കൊണ്ടുവന്ന പ്രദേശത്തേയും വസൂരി രോഗം മാറി. അന്നുമുതൽ അക്രൈസ്തവരുൾപ്പെടെ ഇവിടത്തെ കുടുംബാംഗങ്ങളെല്ലാവരും പ്രാർത്ഥനയിൽ പങ്കെടുക്കാൻ എത്തിയിരുന്നു.

അന്നത്തെ കാരണവന്മാരായ കുറ്റിക്കാടൻ വറീത് അന്തോണിയും അനുജൻ കൊച്ചുവറീതും ചേർന്ന് 30 സെന്റ് സ്ഥലം സൗജന്യമായി നൽകി. ഒരു കുരിശുപള്ളി വി. സെബസ്ത്യാനോസിന്റെ നാമധേയത്തിൽ ഇവിടെ പണികഴിപ്പിക്കാൻ അംഗീകാരം നേടി. ആദ്യമായി ഒരു തറയും 4 തൂണുക



നഴ്സറി സ്ക്കൂൾ

ളിന്മേൽ ഒരു മേൽക്കൂരയും പണിതീർത്തു. പിന്നീട് 5 പ്രാവശ്യം കുരിശുപള്ളി വലുതാക്കി പണിതിട്ടുണ്ട്. ഒരു ഏക്കറോളം സ്ഥലം പള്ളിക്ക് സ്വന്തമായി ഉണ്ടാകാൻ 10 സെന്റ് സ്ഥലം വീതം സഹോദരന്മാരായ കുറ്റിക്കാടൻ കൊച്ചുവറീത് അന്തോണി, യാക്കോബ്, തോമസ്, ഫ്രാൻസീസ് എന്നിവർ സൗജന്യമായി നൽകുകയുണ്ടായി. 1974 ഡിസംബർ 21-ാം തിയ്യതി ബഹു. റാഫേൽ മാളിയമ്മാവ് അച്ചന്റെ നേതൃത്വത്തിൽ തൃശൂർ രൂപതമെത്രാൻ അഭിവന്ദ്യ ജോസഫ് കുണ്ടുകുളം പിതാവിനെ സമീപിച്ച് ഞായറാഴ്ച കുർബ്ബാനക്കുവേണ്ടി അപേക്ഷസമർപ്പിച്ച് അനുമതി വാങ്ങുകയുണ്ടായി. കുറ്റിക്കാടൻ അന്തോണി വറീത് 14 സെന്റ് സ്ഥലവും കുറ്റിക്കാടൻ മാത്തു ഔസേപ്പ് 5 സെന്റ് സ്ഥലവും സിമിത്തേരിക്ക് ദാനമായി നൽകി. ഇപ്പോൾ പല ആധാരങ്ങളിലായി പള്ളിക്ക് 96 സെന്റ് സ്ഥലമുണ്ട്.

## പുതിയ ദേവാലയം

1988ൽ ബഹു. ജോബി പൊഴൊലിപറമ്പിലച്ചൻ ഇടവക വികാരിയായി വന്നപ്പോൾ നിലവിലുള്ള പള്ളിയുടെ അസൗകര്യം കണക്കിലെടുത്ത് പുതുക്കിപ്പണിയുവാൻ പള്ളിയോഗം തീരുമാനിച്ചു. 31.07.1988-ൽ മാർ ജെയിംസ് പഴയാറ്റിൽ പിതാവ് പള്ളിയുടെ ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചു.

വളരെ താഴ്ന്ന നിലവാരത്തിൽ കഴിഞ്ഞിരുന്ന കടലോരപ്രദേശങ്ങളിലെ ജനങ്ങളുടെ ഇടയിൽ സാമൂഹ്യ സേവനാർത്ഥം കടന്നുവന്ന ഫ്രാൻസിസ്ക്കൻ സഭാംഗമായ ഫാദർ ജോസ് പോന്നോരിന്റെ സഹായ സഹകരണങ്ങൾ ഈ ഇടവകയ്ക്ക് ഒരിക്കലും മറക്കാൻ പറ്റാത്ത ഒരു അധ്യായമാണ്. പള്ളിനിർമ്മാണത്തിൽ അച്ചന്റെ കലാവിരുത് സ്തുത്യർഹമാണ്. അങ്ങനെ 04.02.1990-ൽ പുതിയ പള്ളിയുടെ കൂദാശകർമ്മം മാർ ജെയിംസ് പഴയാറ്റിൽ നിർവ്വഹിച്ചു.

## ഇടവക രൂപീകരണം

1997ൽ വികാരിയായിരുന്ന ബഹു. ജോൺ



സെന്റ് സെബാസ്റ്റ്യൻ കപ്പേള



സെന്റ് മേരീസ് കപ്പേള

തെക്കേത്തല അച്ചൻ ഇത് ഒരു ഇടവകയായി മാറ്റുവാൻ പരിശ്രമിച്ചു. അതിനായി ഇടവകക്കാർ രൂപതയിലേക്ക് അപേക്ഷകൊടുത്തു. കയ്പമംഗലം പള്ളി കമ്മറ്റിയുടേയും ഇടവകാംഗങ്ങളുടേയും സഹായസഹകരണത്തോടെ ഓർഡർ നമ്പർ DL1/97/179/97 Dt. 5.4.97 പ്രകാരം രൂപതയിലെ 119-ാമത്തെ ഇടവകയായി ഈ പള്ളി ഉയർന്നു. 1997 ഏപ്രിൽ 6-ാം തിയ്യതി മാർ ജെയിംസ് പഴയാറ്റിൽ പിതാവ് ഇടവക പ്രഖ്യാപനംനടത്തി. 2002-ൽ ബഹു. ഡെൻസൺ നെരേപറമ്പിലച്ചന്റെ നേതൃത്വത്തിൽ സിമിത്തേരി മനോഹരമാക്കിത്തീർത്തു.

പള്ളിയുടെ പടിഞ്ഞാറുഭാഗത്ത് വി. തോമാശ്ലീഹായുടെ നാമധേയത്തിലുള്ള ഒരു കപ്പേള സ്ഥിതിചെയ്യുന്നു. കുറ്റിക്കാടൻ കൊച്ചുവറീത് യാക്കോബ് 3 സെന്റ് സ്ഥലം കപ്പേള പണിയുന്നതിന് സൗജന്യമായി നൽകി. ഈ സ്ഥലത്ത് അദ്ദേഹത്തിന്റെ മകൻ ജോസ് മനോഹരമായി നിർമ്മിച്ച് നല്കിയ താണ് ഇത്.



സെന്റ് തോമസ് കപ്പേള

## കപ്പൂച്ചിൻ ആശ്രമം

1986 മുതൽ സാമൂഹ്യ സേവനത്തിനും ഇടവകയിലെ ആത്മീയ പ്രവർത്തനങ്ങൾക്കും സഹായിച്ചുവരുന്ന 'സഹൃദയഭവൻ' എന്ന കപ്പുച്ചിൻ ആശ്രമം ഇന്നും നല്ലരീതിയിൽ പ്രവർത്തിക്കുന്നു.



സഹൃദയഭവൻ - കപ്പൂച്ചിൻ ആശ്രമം

1993-ൽ പ്രവർത്തനമാരംഭിച്ച നഴ്സറി സ്കൂളിന് ഇടവക വൈദികനായ ബഹു. ലാസർ കൂറ്റിക്കാടൻ അച്ചന്റെ സഹായത്താൽ സ്ഥിരമായ ഒരു കെട്ടിടം നിർമ്മിക്കുവാൻ സാധിച്ചു. 40 കുടുംബങ്ങൾ ഉള്ള ചെറിയ ഒരു ഇടവയാണിത്. ഇതിന് കീഴിൽ മൂന്ന് കപ്പേളകൾ ഉണ്ട്. ഒരു മതിലിന് ഇരുപുറവുമായി സ്ഥിതിചെയ്യുന്ന ദേവാലയവും ഹൈന്ദവക്ഷേത്രവും ഒറ്റനോട്ടത്തിൽ തന്നെ ഇവിടുത്തെ സമുദായ സൗഹാർദ്ദത്തെ വിളിച്ചോതുന്നു.